# 2008-ലെ 34-ാം ആക്റ്റ്

# 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ആക്റ്റ്

ഉള്ളടക്കം


<u>പീഠിക</u>

<u>വകുപ്പുകൾ</u>

1 ചുരുക്കപ്പേരും പ്രാരംഭവും

2 ഹൈക്കോടതി സർവ്വീസുകളിലെ വിരമിക്കൽ പ്രായം നിജപ്പെടുത്തൽ

3 ശമ്പളം കൊടുക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥ

4 റദ്ദാക്കലും ഒഴിവാക്കലും

## 2008-ലെ 34-ാം ആക്റ്റ്

# 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ആക്റ്റ്*

കേരള ഹൈക്കോടതിയിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും വിരമിക്കൽ പ്രായം നിജപ്പെടുത്തുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—സംസ്ഥാനത്തെ മറ്റു സർവ്വീസുകളിലുള്ള ഉദ്യോഗസ്ഥരുടേതിനും ജീവനക്കാരുടേതിനും തുല്യമായി കേരള ഹൈക്കോടതിയിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും വിരമിക്കൽ പ്രായം നിജപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് കരുതുന്നതിനാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിഒൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു: —

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2007, ജനുവരി 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. ഹൈക്കോടതി സർവ്വീസുകളിലെ വിരമിക്കൽ പ്രായം നിജപ്പെടുത്തൽ.—തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ, ഏതെങ്കിലും ചട്ടത്തിലോ, ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധി ന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, കേരള ഹൈക്കോടതിയിലെ ഒരു ഉദ്യോഗസ്ഥന്റെ അല്ലെങ്കിൽ ജീവനക്കാരന്റെ നിർബന്ധിത വിരമിക്കൽ പ്രായം [1][2013 ഏപ്രിൽ 1-ാം തീയതിക്ക് മുൻപ് നിയമിക്കപ്പെട്ടവർക്ക് അവൾക്ക് അല്ലെങ്കിൽ അയാൾക്ക് 56 വയസ്സ് പൂർത്തിയാകുന്ന മാസത്തിലെ അവസാന ദിവസത്തിന്റെ ഉച്ചയ്ക്ക് ശേഷം പ്രാബല്യത്തിൽ വരുന്നതും 2013 ഏപ്രിൽ 1-ാം തീയതിയോ അതിനുശേഷമോ നിയമിക്കപ്പെട്ടവരും ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുകയും ചെയ്യുന്നയാൾക്ക്, അവൾക്ക് അല്ലെങ്കിൽ അയാൾക്ക് 60 വയസ്സ് പൂർത്തിയാകുന്ന മാസത്തിലെ അവസാന ദിവസത്തിന്റെ ഉച്ചയ്ക്ക് ശേഷമോ അല്ലെങ്കിൽ സർക്കാർ

---

* 2008 ഡിസംബർ 26-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 2009 ജൂൺ 16-ാം തീയതിയിലെ 24-ാം നമ്പർ കേരള ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

1. 2023-ലെ 12-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2009 ഏപ്രിൽ 24-ാം തീയതി പ്രാബല്യത്തിൽ വന്നു) .

കാലാകാലങ്ങളിൽ തീരുമാനിക്കുന്നതോ, അതനുസംഗതിപോലെ, പ്രാബല്യത്തിൽ വരുന്നതാണ്.]

3. ശമ്പളം കൊടുക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥ.—2-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കേരള ഹൈക്കോടതിയിലെ ഉദ്യോഗസ്ഥർ അല്ലെങ്കിൽ ജീവനക്കാർ, ആരെങ്കിലും 55 വയസിന് ശേഷവും സേവനത്തിൽ തുടർന്നിട്ടുണ്ടെങ്കിൽ അവർ യഥാർത്ഥത്തിൽ ജോലി ചെയ്ത 2007, ഒക്ടോബർ 22-ാം തീയതി വരെയുള്ള കാലയളവിലെ ശമ്പളത്തിനും ആനുകൂല്യങ്ങൾക്കും അർഹരായിരിക്കുന്നതാണ്. എന്നാൽ അവരുടെ അങ്ങനെയുള്ള സേവനം മറ്റേതെങ്കിലും സേവന ആനുകൂല്യങ്ങൾക്കോ പെൻഷൻ ആനുകൂല്യങ്ങൾക്കോ കണക്കിലെടുക്കാൻ പാടില്ലാത്തതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഓർഡിനൻസ് (2008-ലെ 32) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ അല്ലെങ്കിൽ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(ശരിത്തർജ്ജമ)